(എ) 1991 മുതൽ 1996 വരെ സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ചെറുതും വലുതുമായ ശുദ്ധജല വിതരണ പദ്ധതികൾ ഏതെല്ലാം;

(ബി) ഇവ ഓരോന്നിന്റെയും അടങ്കൽ തുക എത്ര;

(സി) ഇതുവഴി എത്ര ആളുകൾക്ക് ശുദ്ധജലം നൽകുവാൻ കഴിയുമെന്നാണ് കണക്കാക്കിയിരിക്കുന്നത്;

(ഡി) 1997 മുതൽ 1999 നവംബർ വരെ ഏറ്റെടുത്ത ചെറുതും വലുതുമായ ശുദ്ധജല വിതരണ പദ്ധതികൾ ഏതെല്ലാം;

(ഇ) ഇവയുടെ മതിപ്പു ചെലവ് എത്രയാണ്;

(എഫ്) ഇതുവഴി എത്ര ആളുകൾക്ക് അധികമായി ശുദ്ധജലം നൽകാമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) 1991 മുതൽ 1996 വരെ സംസ്ഥാനത്തു ചെറുതും വലുതുമായി 471 ശുദ്ധജല വിതരണ പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളത്. ഇവയുടെ ആകെ അടങ്കൽ തുക 437.14 കോടി രൂപയാണ്. പ്രസ്തുത പദ്ധതികൾ വഴി 66.32 ലക്ഷം ജനങ്ങൾക്കു പ്രയോജനം ലഭിക്കും. ഇവയുടെ വിശദവിവരം അനുബന്ധം-1 ആയി കൊടുത്തിരിക്കുന്നു.

(ഡി-എഫ്) 1997 മുതൽ 1999 നവംബർ വരെ സംസ്ഥാനത്ത് ചെറുതും വലുതുമായി 243 ശുദ്ധജല വിതരണ പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളത്. ഇവയുടെ ആകെ അടങ്കൽ തുക 514.00 കോടി രൂപയാണ്. പ്രസ്തുത പദ്ധതികൾ മുഖേന 42.60 ലക്ഷം ജനങ്ങൾക്ക് അധികമായി ശുദ്ധജലം നൽകാമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇവയുടെ വിശദവിവരം അനുബന്ധം 11 ആയി കൊടുത്തിരിക്കുന്നു.

27 (936) ശുദ്ധജലവിതരണ പദ്ധതികളുടെ നിർമ്മാണവും നടത്തിപ്പും

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ശുദ്ധജല വിതരണ പദ്ധതികളുടെ നിർമ്മാണവും നടത്തിപ്പും ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പദ്ധതികളാണ് കൈമാറിയിട്ടുള്ളത്;

(സി) പദ്ധതികൾ കൈമാറ്റം ചെയ്യുന്നതിന് നിശ്ചയിച്ച മാനദണ്ഡം എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അധികാര വികേന്ദ്രീകരണ പദ്ധതിപ്രകാരം ശുദ്ധജലവിതരണ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്നതിന് 19-3-98-ലെ സ.ഉ.എം.എസ്.29/98/ഐ.ആർ.ഡി. അനുസരിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഒരു പഞ്ചായത്തിനുള്ളിൽ ഒതുങ്ങി നിൽക്കുന്ന 55 ലക്ഷം രൂപയിൽ തഴെ മതിപ്പു ചിലവുള്ള പദ്ധതികളെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തുകൾ നടപ്പിലാക്കേണ്ടതാണ്. വാട്ടർ അതോറിറ്റിയുടെ നിയന്ത്രണത്തിൽ ഇരിക്കുന്ന പദ്ധതികളിൽ നിന്നും പൈപ്പു നീട്ടൽ, പുനരുദ്ധാരണം/വിപുലീകരണം തുടങ്ങിയവും 55 ലക്ഷത്തിൽ അധികം മതിപ്പു ചിലവു വരുന്ന പദ്ധതികളുടെ ഡെപ്പോസിറ്റ്വർക്ക് എന്ന നിലയിൽ വാട്ടർ അതോറിറ്റി നടപ്പിലാക്കുന്നതാണ്. കൂടാതെ 23/11/98 ലെ ജി.ഒ.എം.എസ്.നമ്പർ.125/98/ഐ.ആർ.ഡി.അനുസരിച്ച് ഒരു പഞ്ചായത്തിൽ ഒതുങ്ങുന്നു. കേരളത്തിൽ ആകെയുള്ള 1050 ശുദ്ധജലവിതരണ പദ്ധതികൾ നടത്തിപ്പിനായി പഞ്ചായത്തുകൾക്ക് കൈമാറുന്നതിനായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ പദ്ധതികൾ കൈമാറാൻ നിർദ്ദേശം നൽകിക്കഴിഞ്ഞിട്ടുണ്ട്. അതുപ്രകാരം ഈ ജില്ലയിലെ 6 പദ്ധതികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കഴിഞ്ഞു. ഇവ ജനുവരി 2000-ൽ കൈമാറാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) പദ്ധതികൾ ഒന്നും കൈമാറിയിട്ടില്ല.

(സി) മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1) ഒരു പഞ്ചായത്തിനുള്ളിൽ മാത്രം ഒതുങ്ങുന്ന ചെറിയ പദ്ധതികൾ അതതു പഞ്ചായത്തിന് കൈമാറാവുന്നതാണ്.

2) ഇങ്ങനെ കൈമാറപ്പെടുന്ന പദ്ധതികളുടെ നടത്തിപ്പ് അറ്റകുറ്റപ്പണി, വെള്ളത്തിന്റെ ഗുണനിലവാരം, പദ്ധതി വിപുലീകരണം, പുനരുദ്ധാരണം മുതലായവ അതതു പഞ്ചായത്തുകൾ ചെയ്യേണ്ടതാണ്. ഇതിലേക്കായി വരുന്ന ചെലവ് നിലവിലുള്ള വ്യവസ്ഥ അനുസരിച്ച് താരിഫ് ഘടനയിൽ മാറ്റം വരുത്തി പഞ്ചായത്തുകൾ തന്നെ സ്വരൂപിക്കേണ്ടുന്നതാണ്.

3) അവശ്യഘട്ടത്തിൽ കേരള വാട്ടർ അതോറിറ്റി സാങ്കേതിക ഉപദേശം നൽകുന്നതാണ്. വിപുലമായ വ്യതിയാനങ്ങളോ മാറ്റങ്ങളോ പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് വർക്ക് എന്ന രീതിയിൽ കേരള വാട്ടർ അതോറിറ്റി നിർവ്വഹിക്കുന്നതാണ്.

4) കൈമാറുന്ന പദ്ധതികളുടെ സുഗമമായ നടത്തിപ്പിനായി ഈ പദ്ധതികളിൽ ജോലി ചെയ്യുന്ന ജീവനക്കാരെ അതതു പഞ്ചായത്തിന് കൈമാറാവുന്നതാണ്. ഒരു പദ്ധതിക്ക് ഒരു ഓപ്പറേറ്റർ എന്ന നിലയിൽ ജീവനക്കാരിൽ നിന്നും സമ്മതപത്രം വാങ്ങിയതിനു ശേഷം കൈമാറാവുന്നതാണ്.

5) ആവശ്യമായ ജീവനക്കാരെ കൈമാറാൻ കേരള വാട്ടർ അതോറിറ്റിക്ക് കഴിയാതെ വന്നാൽ പഞ്ചായത്തിന് സ്വയം സാങ്കേതിക ജോലിക്കാരെ നിയമിക്കാവുന്നതാണ്.

6) കൈമാറുന്ന പദ്ധതികളുടെ അവകാശം അതത് പഞ്ചായത്തുകളിൽ നിഷിപ്തമാണ്. പൊതുടാപ്പ്, ഉപഭോക്താക്കളിൽ നിന്നും വെള്ളത്തിന്റെ കരം ഈടാക്കുന്നത് എന്നിവ പ്രാദേശികമായി തീരുമാനിക്കാവുന്നതാണ്.

7) കൈമാറപ്പെടുന്ന പദ്ധതിയുടെ ആസ്തി നിർണ്ണയം കേരള വാട്ടർ അതോറിറ്റി തന്നെ നടത്തുന്നതാണ്. ഇപ്രകാരമുള്ള തുകയിൽ നിന്നും വാട്ടർ അതോറിറ്റി ഗവൺമെന്റിന് കൊടുക്കാനുള്ള തുക തട്ടിക്കിഴിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

8) കൈമാറുന്ന പദ്ധതികളിൽ ഇലക്ട്രിസിറ്റി കണക്ഷൻ ഉണ്ടെങ്കിൽ അത് പിൻഗാമി എന്ന നിലയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലേക്ക് മാറ്റേണ്ടതാണ്.

9) പദ്ധതികൾ കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ അതതു പഞ്ചായത്തുമായി എക്സിക്യൂട്ടീവ് എഞ്ചിനീയർ ചർച്ച ചെയ്യണം. കൈമാറ്റപ്പെടുന്ന പദ്ധതികൾ ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള സമ്മത പത്രം അതതു പഞ്ചായത്തുകളിൽ നിന്നും വാങ്ങേണ്ടതാണ്.

28 (937) ശുദ്ധജലവിതരണ പദ്ധതികളുടെ ആസൂത്രണത്തിലും നടത്തിപ്പിലും സ്ത്രീകളുടെ പങ്കാളിത്തം

<u>ശ്രീമതി ആർ. ലതാദേവി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുദ്ധജലവിതരണ പദ്ധതികളുടെ ആസൂത്രണത്തിലും നടത്തിപ്പിലും സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കാൻ സർക്കാർ കൈക്കൊള്ളുന്ന നടപടികൾ വിശദമാക്കുമോ;

(ബി) കാര്യക്ഷമമായ ശുദ്ധജല മാനേജ്മെന്റിനായി എന്തെല്ലാമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ശുദ്ധജല വിതരണരംഗത്ത് സ്വകാര്യസംരംഭകരെ കൊണ്ടു വരാൻ സർക്കാരിന് ഉദ്ദേശമുണ്ടോ; എങ്കിൽ അതേപ്പറ്റി വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഗ്രാമീണ ശുദ്ധജലവിതരണം, കൂടുതൽ കാര്യക്ഷമമാക്കുന്നതിലേക്കായി ലോകബാങ്ക് സഹായത്തോടുകൂടി കേരളാ ഗ്രാമീണ ശുദ്ധജല വിതരണ ശുചീകരണ ഏജൻസി എന്ന പേരിൽ ഒരു പുതിയ സ്ഥാപനത്തിന് രൂപം നൽകിയിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ ജനറൽ ബോഡിയിൽ രണ്ട് ഗ്രാമപഞ്ചായത്ത് പ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടുള്ളതിൽ ഒരാൾ വനിത ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ഒരു വനിതാ ആരോഗ്യ-ശുചിത്വവിദഗ്ധയും ഇതിൽ അംഗമായിരിക്കുന്നതാണ്. ഈ സ്ഥാപനത്തിന്റെ പരമാധികാര സഭയിൽ ഇപ്രകാരം രണ്ട് വനിതകളുടെ സാന്നിദ്ധ്യം ഉറപ്പാക്കിയിട്ടുണ്ട്. കൂടാതെ ലോകബാങ്കിന്റെ നിർദ്ദേശപ്രകാരം ഗ്രാമങ്ങളിൽ രൂപീകരിക്കുന്ന ഗുണഭോക്തൃസമിതികൾ വഴിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഈ സമിതികളിൽ കുറഞ്ഞത് 1/3 പ്രാതിനിധ്യം സ്ത്രീകൾക്ക് ഉണ്ടായിരിക്കുന്നതാണ്. ഇപ്രകാരം ശുദ്ധജല പദ്ധതികളുടെ ആസൂത്രണത്തിലും നടത്തിപ്പിലും വിതരണത്തിലും സ്ത്രീകൾക്ക് കാര്യമായ പങ്കാളിത്തം ഉണ്ടാകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly